accommodate the number of students now attending the school, according to the usual standard;

(*b*) whether the Government will be pleased to consider the question of taking over the school at an early date?

Rao Sahib I. N. Menon (*Director of Public Instruction*):

(*a*) It is just sufficient for the present strength.

(*b*) The question has to wait for want of funds.

FEE CONCESSIONS TO VALAS.

238. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവുണ്ടായി മറുപടി പറയുമോ:—

(എ) വാലന്മാർ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരല്ലെന്ന കാരണം പറഞ്ഞു് ഈ അടുത്ത അവസരത്തിൽ സാധുക്കളായ വല്ല വാലവിദ്യാർത്ഥികൾക്കും പകുതി ഫീസനുവദിക്കാതിരുന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെയാണു്;

(ബി) അങ്ങിനെ വാലന്മാർ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരല്ലെന്നു വിദ്യാഭ്യാസമേലധ്യക്ഷന്റെ അടുക്കലോ ഗവർമ്മെണ്ടിലേക്കോ ശുപാർശചെയ്തതാരാണു്, എന്തിനെ ആധാരമാക്കിയാണു് അങ്ങിനെ ഒരു ശുപാർശചെയ്തതു്;

(സി) ഈ സ്കൂൾവർഷത്തിൽതന്നെ പല വാലവിദ്യാർത്ഥികൾക്കും പകുതി ഫീസനുവദിച്ചിട്ടില്ലെ;

(ഡി) ഉണ്ടെങ്കിൽ മേല്പറഞ്ഞ വിദ്യാർത്ഥികളുടെ കാര്യത്തിൽ മാത്രം മേല്പറഞ്ഞപ്രകാരം ഒരു ഉത്തരവുണ്ടാകാൻ കാരണമെന്തു്;

(ഈ) വാലന്മാരെ പകുതി ഫീസിളവിനു് അർഹരാക്കിയതു് ഏതു വർഷത്തിലാണു്;

(എഫ്) (എ) അതിനുശേഷം വാലന്മാരെ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരുടെ പട്ടികയിൽ നിന്നും പകുതി ഫീസിളവു് ആനുകൂല്യത്തിനു് അർഹതയുള്ളവരുടെ പട്ടികയിൽനിന്നും നീക്കംചെയ്തിട്ടുണ്ടോ; (ബി) എന്നാണു് അങ്ങിനെ ചെയ്തതു്; (സി) അതിനുള്ള കാരണമെന്തു്;

(ജി) പകുതി ഫീസിളവിനു അർഹരായ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരേതെല്ലാമെന്നു ദയവു പറയുമോ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: (എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) 'വാല' വിദ്യാർത്ഥികൾക്കു കൊടുത്തതായി അറിവില്ല. അവർ ആര്യന്മാരോ മുകുവന്മാരോ ആണെന്നു പറഞ്ഞിരുന്നെങ്കിൽ മാത്രമേ കൊടുത്തിട്ടുണ്ടാവാൻ കാരണമുള്ളൂ.

(ഡി) എ-ാമത്തെ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

(ഈ) എ എ എ ഡി-ൽ.

(എഫ്) (എ) ഇല്ല.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

(ജി) വിദ്യാഭ്യാസ കോഡ് നമ്പർ (സി) വകുപ്പു നോക്കുക.

LIBRARY ARCHIVES Kerala Legislative Assembly